# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 868

11/06/2014 - ൽ മറുപടിക്ക്

### ആലപ്പുഴ കനാൽകരകളിലെ മരംമുറിക്കാനുള്ള തീരുമാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ വാടക്കനാൽ, വാണിജ്യകനാൽ, ലിങ്ക് കനാൽ കരകളിൽ എത്ര മരങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; കനാൽ നവീകരണത്തിന്റെ ഭാഗമായി എത്ര മരങ്ങളാണ് മുറിക്കാൻ തീരുമാനിച്ചതെന്ന് അറിയിക്കുമോ; | (എ) | ആലപ്പുഴ വാടക്കനാൽ, വാണിജ്യക്കനാൽ, ലിങ്ക് കനാൽ കരകളിൽ എത്ര മരങ്ങൾ ഉണ്ട് എന്നുള്ളതിന് ഇറിഗേഷൻ വകുപ്പിൽ വ്യക്തമായ കണക്കുകൾ ഇല്ല. കാരണം 2006 മുതൽ കനാൽ തീരവും അവിടെയുള്ള മരങ്ങളും ആലപ്പുഴ കനാൽ മാനേജ്മെന്റ് സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ്. കൂടാതെ വീണുകിടക്കുന്നതും അപകടാവസ്ഥയിലുള്ളതുമായ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അധികാരം സൊസൈറ്റിയിൽ നിക്ഷിപ്തമാണ്. കനാൽ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി ടൂറിസം, ഇറിഗേഷൻ, ഫോറസ്റ്റ് എന്നീ ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി നടത്തിയ പരിശോധനയിൽ ആലപ്പുഴയിലെ വാടക്കനാൽ, വാണിജ്യകനാൽ, ഉപ്പൂട്ടി കനാൽ, വെസ്റ്റ് ജംഗ്ഷൻ കനാൽ എന്നിവയുടെ ഇരുകരകളിലുമായി നിൽക്കുന്നതും വീണുകിടക്കുന്നതുമായ 133 മരങ്ങൾ മുറിച്ചു മാറ്റേണ്ടതായി കണ്ടെത്തിയിരുന്നു. |
| ബി) മരങ്ങൾ മുറിക്കാൻ ഏത് യോഗത്തിലാണ് തീരുമാനം എടുത്തതെന്ന് അറിയിക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 12-09-2013, 19-09-2013 എന്നീ തീയതികളിൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും 20-09-2013- ൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലുമാണ് പ്രസ്തുത തീരുമാനം എടുത്തിട്ടുള്ളത്. മൂന്ന് യോഗങ്ങളുടെയും മിനിറ്റ്സിന്റെ പകർപ്പുകൾ അനുബന്ധം I,II,III ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (സി) ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം തിരുവനന്തപുരത്തു വച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കൂടിയിട്ടുണ്ടോ; മിനിട്ട്സ് ലഭ്യമാക്കുമോ? | (സി) ഉണ്ട്. 20-09-2013-ൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇതുമായി ബന്ധപ്പെട്ട് യോഗം കൂടിയിട്ടുണ്ട്. മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |

Shami

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്